I ഇ.ബി. XIII-കേരള നിയമസഭ/XIII-5

# പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2015 മാർച്ച് 12, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട പ്രോട്ടെം സ്പീക്കർ ശ്രീ. ഡൊമിനിക് പ്രസന്റേഷന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## സ്പീക്കർ തെരഞ്ഞെടുപ്പ്

പ്രോട്ടെം സ്പീക്കർ: നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുന്നതിന് ശ്രീമതി പി. അയിഷാ പോറ്റിയുടെയും ശ്രീ. എൻ. ശക്തന്റേയും പേരുകൾ നിർദ്ദേശിച്ചുകൊണ്ടുള്ള നാമനിർദ്ദേശപത്രികകൾ കിട്ടിയിട്ടുണ്ട്. പരിശോധനയിൽ നാമനിർദ്ദേശ പത്രികകളെല്ലാം നിയമാനുസൃതമാണ്. ഒന്നിലധികം അംഗങ്ങൾ സ്പീക്കർ സ്ഥാനത്തേയ്ക്ക്

നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതിനാൽ നിയമസഭ വോട്ടെടുപ്പിലൂടെ സ്പീക്കറെ തെരഞ്ഞെടുക്കുന്നതാണ്.

(വോട്ടെടുപ്പ് ആരംഭിക്കുകയും നിയമസഭാ സെക്രട്ടറി ശ്രീ. പി. ഡി. ശാരംഗധരൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി മുതൽ ഇരിപ്പിടക്രമത്തിൽ നിരയായി അംഗങ്ങളുടെ പേര് വിളിക്കുകയും അംഗങ്ങൾ ഓരോരുത്തരായിവന്ന് ബാലറ്റ് പേപ്പർ വാങ്ങി ഡയസ്സിൽ പ്രത്യേകം സജ്ജമാക്കിയിരുന്ന രണ്ട് ബൂത്തുകളിലായി വോട്ട് രേഖപ്പെടുത്തി ബാലറ്റ് പെട്ടിയിൽ നിക്ഷേപിച്ചശേഷം തിരികെയെത്തി സ്വസ്ഥാനത്ത് ഉപവിഷ്ടരാകുകയും ചെയ്തു. സ്പീക്കർ സ്ഥാനാർത്ഥികളായ ശ്രീമതി പി. അയിഷാ പോറ്റി, ശ്രീ. എൻ. ശക്തൻ എന്നിവരും നോമിനേറ്റഡ് അംഗം ശ്രീ. ലൂഡി ലൂയിസും പ്രോട്ടെം സ്പീക്കർ ശ്രീ. ഡൊമിനിക് പ്രസന്റേഷനും വോട്ടെടുപ്പിൽ പങ്കെടുത്തു.

ശ്രീമതി പി. അയിഷാ പോറ്റിയുടെ ഏജന്റ് ശ്രീ. എ. കെ. ബാലന്റേയും ശ്രീ. എൻ. ശക്തന്റെ ഏജന്റ് ശ്രീ. ബെന്നി ബെഹനാന്റേയും സാന്നിദ്ധ്യത്തിൽ വോട്ടെണ്ണൽ നടന്നു.

ശ്രീമതി പി. അയിഷാ പോറ്റിക്ക് 66 വോട്ടും ശ്രീ. എൻ. ശക്തന് 74

വോട്ടും ലഭിച്ചതായും ശ്രീ. എൻ. ശക്തനെ നിയമസഭാ സ്പീക്കറായി തെരഞ്ഞെടുത്തതായും പ്രോട്ടെം സ്പീക്കർ പ്രഖ്യാപിച്ചു. പുതിയ സഭാദ്ധ്യക്ഷനെ പ്രോട്ടെം സ്പീക്കർ അദ്ധ്യക്ഷസ്ഥാനം അലങ്കരിക്കുന്നതിനായി ക്ഷണിച്ചു.

മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനും ചേർന്ന് ശ്രീ. എൻ. ശക്തനെ അദ്ധ്യക്ഷവേദിയിലേയ്ക്ക് ആനയിച്ചു.

(ബഹുമാനപ്പെട്ട സ്പീക്കർ അദ്ധ്യക്ഷവേദിയിൽ ഉപവിഷ്ടനായി.)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അനുമോദിക്കുന്നു. അങ്ങയുടെ പ്രവർത്തനത്തിന് ഗവൺമെന്റിന്റെയും ഭരണകക്ഷിയുടെയും ഭാഗത്തുനിന്ന് പൂർണ്ണ പിന്തുണ ഞാൻ വാഗ്ദാനം ചെയ്യുന്നു. ജനങ്ങളുമായുള്ള ബന്ധവും പൊതുപ്രവർത്തന രംഗത്തുള്ള നീണ്ട കാലഘട്ടത്തെ പരിചയസമ്പത്തും മന്ത്രിയായും ഡെപ്യൂട്ടി സ്പീക്കറായുമൊക്കെ പ്രവർത്തിച്ചിട്ടുള്ള അനുഭവസമ്പത്തുമൊക്കെ നിയമസഭയുടെ നാഥൻ എന്ന നിലയിൽ പ്രവർത്തിക്കുന്നതിന് അങ്ങേയ്ക്ക് കരുത്തുനൽകുമെന്ന് എനിക്ക് പൂർണ്ണവിശ്വാസമുണ്ട്. അങ്ങേയ്ക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): നിയമസഭാ

സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ ഞാൻ അഭിനന്ദിക്കുന്നു. ഭരണകക്ഷിയുടെയും പ്രതിപക്ഷത്തിന്റെയും ന്യായമായ ആവശ്യങ്ങളും അവകാശങ്ങളും പരിപാലിക്കുന്നതിനുള്ള ബാദ്ധ്യത അങ്ങിൽ നിക്ഷിപ്തമാണ്. അങ്ങയുടെ മുൻഗാമിയായ ജി. കാർത്തികേയന്റെ മഹത്തായ പാരമ്പര്യം പിന്തുടരാൻ അങ്ങ് ബാദ്ധ്യസ്ഥനാണ് എന്ന കാര്യം ഞാൻ ഈ അവസരത്തിൽ ഓർമ്മിപ്പിക്കുന്നു. സ്പീക്കർ എന്ന നിലയിൽ എല്ലാവിധ ആശംസകളും നേരുന്നതോടൊപ്പം ആ ചുമതല ഭംഗിയായി നിറവേറ്റാൻ അങ്ങേയ്ക്ക് കഴിയട്ടേയെന്ന് ആശംസിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങേയ്ക്ക് എല്ലാവിധ ആശംസകളും നേരുന്നു. മഹത്തായ ഈ സഭയുടെ അദ്ധ്യക്ഷനാകുക എന്നത് അങ്ങയുടെ പൊതുജീവിതത്തിലെ ഏറ്റവും വലിയ അവസരമാണ്. സ്പീക്കർ എന്ന നിലയിൽ എല്ലാവരുടെയും ആദരവ് പിടിച്ചുപറ്റിയ ജി.കാർത്തികേയനോടൊപ്പം പ്രവർത്തിച്ച അങ്ങേയ്ക്ക് ഈ സഭയെ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. സഭയുടെ ഉന്നത നിലവാരം നിലനിറുത്തിക്കൊണ്ടുപോകാൻ അങ്ങേയ്ക്ക് കഴിയട്ടേയെന്നും

അങ്ങയുടെ നാമം അന്വർത്ഥമാക്കുമാറ് ശക്തനാകട്ടേയെന്നും ഞാൻ ആശംസിക്കുന്നു.

<u>ശ്രീ. സി. ദിവാകരൻ</u>: സഭാദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ട അങ്ങേയ്ക്ക് പിന്തുണപ്രഖ്യാപിച്ചുകൊണ്ട് മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും നടത്തിയ അഭിപ്രായങ്ങളോട് ഞാനും യോജിക്കുന്നു. നമ്മിൽ നിന്നും വിടപറഞ്ഞുപോയ ജി.കാർത്തികേയന്റെ ശൈലിയും സമീപനങ്ങളും ഞങ്ങൾ അങ്ങിൽ നിന്നും പ്രതീക്ഷിക്കുന്നുണ്ട്. നിയമസഭാ അംഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് അങ്ങയുടെ ഭാഗത്തുനിന്നും പ്രത്യേക പരിഗണനയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. അങ്ങേയ്ക്ക് എല്ലാവിധ പിന്തുണയും വിജയവും ഈ സന്ദർഭത്തിൽ ആശംസിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി</u>): നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ ഹൃദയംഗമമായി അനുമോദിക്കുന്നു. മറ്റു നിയമസഭകൾക്ക് മാതൃകയായ, മഹത്തായ പാരമ്പര്യമുള്ള കേരള നിയമസഭയുടെ അദ്ധ്യക്ഷ സ്ഥാനത്തേയ്ക്ക് വരിക എന്നത് വലിയ അംഗീകാരമാണ്. അതിനു കാരണമായത് ഡെപ്യൂട്ടി

സ്പീക്കർ സ്ഥാനത്ത്  അങ്ങ് കാണിച്ച പ്രാഗൽഭ്യമാണെന്ന് ഞാൻ കരുതുന്നു. ജില്ലാ പഞ്ചായത്തംഗം, എം.എൽ.എ., മന്ത്രി, ഡെപ്യൂട്ടി സ്പീക്കർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള അങ്ങേയ്ക്ക്  സ്പീക്കറുടെ അഭാവത്തിൽ സഭയെ ചാതുര്യത്തോടും തന്മയത്വത്തോടും നർമ്മബോധത്തോടുംകൂടി നയിക്കുവാൻ കഴിഞ്ഞു. ഈ സ്ഥാനത്ത് വിജയകരമായി പ്രവർത്തിക്കാൻ അങ്ങേയ്ക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അനുമോദിക്കുന്നു. അംഗങ്ങളിലുള്ള വിശ്വാസമാകട്ടെ അങ്ങയുടെ ശക്തി എന്ന് ഞാൻ ആശംസിക്കുന്നു. ജനാധിപത്യ സമൂഹത്തിൽ ഭിന്നാഭിപ്രായം രേഖപ്പെടുത്താനുള്ള അവകാശം ഏറ്റവും പ്രധാനപ്പെട്ടതാണ്. അങ്ങയുടെ മുൻഗാമി തുടങ്ങിവച്ച  നല്ല പാതയിൽ മുന്നോട്ടുപോകുവാനും പുതിയ പടവുകൾ ചവിട്ടിക്കയറാനും അങ്ങേയ്ക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നതോടൊപ്പം എല്ലാ പിന്തുണയും വാഗ്ദാനം ചെയ്യുന്നു.

<u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u>: കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്ന. നിയമസഭാ മാധ്യമ റിപ്പോർട്ടിംഗിന് അവാർഡ് നൽകുക എന്ന മുൻസ്പീക്കർ ജി. കാർത്തികേയന്റെ

ആഗ്രഹം അങ്ങ് സഫലമാക്കുമെന്ന് കരുതുന്നു. വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി നിയമസഭയ്ക്ക് പുതിയ മുഖം നൽകുന്നതിനും കേരള നിയമസഭയുടെ ഉന്നതമായ പാരമ്പര്യം കാത്തുസൂക്ഷിച്ച് തികച്ചും നിഷ്പക്ഷമായി പ്രവർത്തിക്കുന്നതിനും അങ്ങേയ്ക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

ശ്രീ. തോമസ് ചാണ്ടി: സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അനുമോദിക്കുന്നതോടൊപ്പം മറ്റു നിയമസഭകൾക്ക് മാതൃകയാകുന്ന വിധത്തിൽ കേരള നിയമസഭയെ മുന്നോട്ടുകൊണ്ടുപോകാൻ അങ്ങേയ്ക്ക് കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു. എല്ലാവിധ ആശംസകളും നേരുന്നതോടൊപ്പം പാർട്ടിയുടെ പിന്തുണ കൂടി അറിയിക്കുന്നു.

ശ്രീ. എ. എ. അസീസ്: സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അനുമോദിക്കുന്നു. വിവിധ നിലകളിൽ പ്രവർത്തിച്ച് ഈ സ്ഥാനത്തെത്തിയ അങ്ങയുടെ കഴിവ് പൂർവ്വസുഹൃത്തെന്ന നിലയിൽ എനിക്ക് നേരത്തെ ബോദ്ധ്യമുള്ളതാണ്. മുൻസ്പീക്കർ ജി. കാർത്തികേയൻ കാണിച്ച മാതൃക അങ്ങ് പിന്തുടരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അഭിനന്ദനങ്ങൾ നേരുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അനുമോദിക്കുന്നു. മന്ത്രിയെന്ന നിലയിലും

പൊതുപ്രവർത്തകനെന്ന നിലയിലും മികച്ച പ്രവർത്തനം കാഴ്ചവച്ച അങ്ങേയ്ക്ക് തീർച്ചയായും സ്പീക്കറായി തിളങ്ങാൻ കഴിയും. കേരള നിയമസഭയുടെ യശസ്സുയർത്തിപ്പിടിച്ച, ജനാധിപത്യത്തോട് നീതിപുലർത്തിയ മുൻഗാമികളുടെ പാത പിന്തുടരാൻ അങ്ങേയ്ക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയ്ക്ക് എല്ലാവിധ ആശംസകളും നേരുന്നു. വിവിധ തലങ്ങളിൽ പ്രവർത്തിക്കുകയും തന്റേതായ വ്യക്തിമുദ്ര പതിപ്പിക്കുകയും ചെയ്ത അങ്ങേയ്ക്ക് പ്രതിപക്ഷത്തിന്റെ അവകാശം സംരക്ഷിക്കുന്നതോടൊപ്പം ഗവൺമെന്റിന്റെ ബിസിനസ് നടത്തിക്കൊണ്ടുപോകാനുള്ള സാഹചര്യം കൂടി ഉറപ്പാക്കുക എന്ന ഉത്തരവാദിത്തം വിജയകരമായി നിർവ്വഹിക്കാനുള്ള കരുത്തുണ്ട്. അങ്ങേയ്ക്ക് എല്ലാവിധ പിന്തുണയും അറിയിക്കുന്നു.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): അയ്യാ വൈകുണ്ഠസ്വാമികളുടെ ജന്മദിനമായ ഇന്ന് അങ്ങ് ഈ സ്ഥാനത്തേയ്ക്ക് ഉയർത്തപ്പെട്ടത് വിധിയായി ഞാൻ കരുതുന്നു. ശാന്തശീലനും ചട്ടങ്ങൾ പാലിക്കുന്നതിൽ ശക്തനുമായ അങ്ങേയ്ക്ക് കീഴ്‌വഴക്കങ്ങൾ പാലിച്ചുകൊണ്ടും ജനാധിപത്യ അവകാശങ്ങൾ

സംരക്ഷിച്ചുകൊണ്ടും മുഴുവൻ അംഗങ്ങളുടെയും പിന്തുണയോടെ സഭയെ മുന്നോട്ടു നയിക്കാൻ കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: കേരള നിയമസഭയുടെ സ്പീക്കറായി തിരഞ്ഞെടുത്ത അങ്ങയെ ഹൃദ്യമായി അഭിനന്ദിക്കുന്നു. ഇന്ത്യാ രാജ്യത്ത് മഹത്തായ സംഭാവനകൾ നൽകിയിട്ടുള്ള കേരള നിയമസഭയെ നിഷ്പക്ഷമായും ജനാധിപത്യമൂല്യങ്ങൾ സംരക്ഷിച്ചുകൊണ്ടും ഏറ്റവും മാതൃകാപരമായി നയിച്ചുകൊണ്ടുപോകാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗങ്ങളെ, ഒരു പ്രത്യേക ഘട്ടത്തിൽ ഈ നിയമസഭയുടെ പരമോന്നത പദവിയിലേയ്ക്ക് എന്നെ തിരഞ്ഞെടുത്തതിന് ഹൃദയം നിറഞ്ഞ നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു. തികച്ചും അപ്രതീക്ഷിതമായി, ദുഃഖകരമായ ഒരവസ്ഥയിലാണ് ഞാൻ ഈ പദവിയിൽ എത്തുന്നത്. നമ്മുടെയെല്ലാം പ്രിയങ്കരനായ ജി. കാർത്തികേയൻ നമ്മെ വിട്ടുപിരിഞ്ഞതിന്റെ ആഘാതത്തിൽനിന്നും നാം ഇനിയും മോചിതരായിട്ടില്ല. സഭാനേതാവും പ്രതിപക്ഷനേതാവും കക്ഷിനേതാക്കളും എന്നെക്കുറിച്ചുപറഞ്ഞ എല്ലാ നല്ല വാക്കുകൾക്കും അനുമോദനങ്ങൾക്കും സഹകരണ വാഗ്ദാനങ്ങൾക്കും എന്നിൽ അർപ്പിച്ച വിശ്വാസത്തിനും സ്നേഹത്തിനും പ്രത്യേക നന്ദി

രേഖപ്പെടുത്തുന്നു. ഒരു സഭയിൽത്തന്നെ പ്രോട്ടെം സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, സ്പീക്കർ എന്നീ സ്ഥാനങ്ങൾ വഹിക്കാൻ കഴിഞ്ഞത് ഒരു ഭാഗ്യമായി കരുതുന്നു. സുപ്രധാന നിയമനിർമ്മാണങ്ങൾകൊണ്ടും കീഴ്‌വഴക്കങ്ങൾകൊണ്ടും ഭാരതത്തിന്റെ മുഴുവൻ ശ്രദ്ധയാകർഷിച്ച കേരള നിയമസഭയുടെ സ്പീക്കർ സ്ഥാനത്ത് എത്താൻ കഴിഞ്ഞതിൽ അഭിമാനിക്കുന്നു. സഭയുടെ അന്തസ്സ് ഉയർത്തിപ്പിടിച്ച് തികഞ്ഞ ഉത്തരവാദിത്വബോധത്തോടെ എന്നിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കാൻ ശ്രമിക്കുമെന്ന് ഉറപ്പുതരുന്നു. ഈ പദവിയുടെ അന്തഃസത്ത പൂർണ്ണമായും ഉൾക്കൊണ്ട് സഭയിലെ എല്ലാ വിഭാഗങ്ങൾക്കും അവസരം ലഭ്യമാക്കുന്നതിന് പരമാവധി ശ്രദ്ധിക്കുന്നതാണ് . നാടിന്റേയും നാട്ടുകാരുടെയും ക്ഷേമത്തിനായി ഒന്നിച്ചുനിന്ന് പോരാടേണ്ടവരാണ് നമ്മൾ എന്ന ലക്ഷ്യബോധം ഇവിടെ നടക്കുന്ന ചർച്ചകളിൽ പ്രതിഫലിക്കണം. അന്തസ്സുറ്റ പ്രവർത്തനങ്ങളിലൂടെ മറ്റ് നിയമസഭകൾക്ക് മാതൃകയാകാനും എപ്പോഴും നാം ഉയർത്തിപ്പിടിച്ച ഒന്നാം സ്ഥാനം ഇനിയും മുന്നോട്ടുകൊണ്ടുപോകാനുമായി നമുക്കൊരുമിച്ച് പ്രവർത്തിക്കാം. ഈ സഭയുടെ സ്പീക്കർ പദവിയിലിരുന്ന് സ്തുത്യർഹമായ സേവനമനുഷ്ഠിച്ച എല്ലാ മുൻസ്പീക്കർമാരെയും പ്രത്യേകിച്ച് എന്റെ മുൻഗാമി ജി.

കാർത്തികേയനെയും ഞാൻ ഈ അവസരത്തിൽ ബഹുമാനപൂർവ്വം സ്മരിക്കുന്നു. സഭാനടപടികൾ ബഹുജനമധ്യത്തിൽ എത്തിക്കുന്നതിനും നല്ലനിയമസഭാ പ്രവർത്തനം കാഴ്ചവയ്ക്കുന്നവരെ പരമാവധി പ്രോൽസാഹിപ്പിക്കുന്നതിനും മാധ്യമസുഹൃത്തുക്കളുടെ പൂർണ്ണസഹകരണം അഭ്യർത്ഥിക്കുന്നു. ഈ സഭയുടെ പാരമ്പര്യവും അന്തസ്സും കാത്തുസൂക്ഷിച്ചുകൊണ്ട് എന്റെ ചുമതലകൾ ഭംഗിയായി നിർവ്വഹിക്കുന്നതിന് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു.

(ടീ ബ്രേക്കിനായി രാവിലെ 10.52-ന് നിർത്തിവച്ച സഭ 11.13-ന് പുനരാരംഭിച്ചു.)

**അടിയന്തര പ്രമേയം**

**ബാർകോഴ**

മി. സ്പീക്കർ: ധനകാര്യ വകുപ്പുമന്ത്രിയെ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിൽ നിന്നും മാറ്റി നിർത്താത്തതിനാലും മറ്റ് മൂന്ന് മന്ത്രിമാർ കൂടി കോഴവാങ്ങിയതിന്റെ വെളിപ്പെടുത്തലുകൾ ഇന്നലെ പുറത്തുവന്നതിനാലും ഉളവായിട്ടുള്ളതായ സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ

നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. തിലോത്തമൻ, വി. ശിവൻകുട്ടി, സി.കെ. നാണു, എ.കെ ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പ്രതിപക്ഷ നേതാവ് വിജിലൻസ് ഡയറക്ടർക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നിലവിലുള്ള നിയമവ്യവസ്ഥകൾക്കും സുപ്രീം കോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി കേസ് അന്വേഷിക്കുകയും അന്വേഷണ പുരോഗതി ഹൈക്കോടതി പരിശോധിക്കുകയും ചെയ്തിട്ടുള്ളതാണ്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ തെരഞ്ഞെടുത്ത ഉദ്യോഗസ്ഥരടങ്ങുന്ന അന്വേഷണ സംഘം കേസ്സിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തിവരികയാണ്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് റിപ്പോർട്ട് വിജിലൻസ് കോടതിയിൽ സമർപ്പിക്കുന്നതാണ്. ഈ കേസ്സിൽ സ്വതന്ത്രവും നിഷ്പക്ഷവുമായ അന്വേഷണമാണ് നടക്കുന്നത്. ഇന്നലെ ചില മന്ത്രിമാരുടെ പേരിലുണ്ടായ വെളിപ്പെടുത്തലുകൾ പരിശോധിച്ചപ്പോൾ പ്രസ്തുത ശബ്ദരേഖയിൽ ഒരു മന്ത്രിയുടെയും സംസാരത്തിന്റെ രേഖയില്ലെന്നും അത് ബാർ വിഷയത്തിൽ സർക്കാരിനോട് കടുത്ത വിരോധമുള്ള ചില വ്യക്തികൾ

തമ്മിലുള്ള സംസാരമാണെന്നും മനസ്സിലാക്കാൻ സാധിച്ചു. യാതൊരു അടിസ്ഥാനവുമില്ലാത്ത ഈ ആരോപണങ്ങൾ ഗവൺമെന്റ് നിഷേധിക്കുന്നു.

<u>ശ്രീ. പി. തിലോത്തമൻ</u>: വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 42 ദിവസം ക്വിക് വെരിഫിക്കേഷൻ നടത്തിയാണ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കാൻ തുടങ്ങിയത്. ഭരണഘടനാ വിരുദ്ധമായി പ്രവർത്തിച്ച ധനകാര്യ വകുപ്പുമന്ത്രിയെ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിൽ നിന്നും മാറ്റി നിർത്തണം. ഇന്ത്യക്ക് ആകെ മാതൃകയാകുന്ന ഈ നിയമസഭ ഇക്കാര്യത്തിൽ മാതൃകാപരമായ നടപടി സ്വീകരിക്കാൻ തയ്യാറാകണം. മന്ത്രിസഭയിലെ മൂന്ന് മന്ത്രിമാർ കൂടി ഈ ആരോപണത്തിൽ ഉൾപ്പെട്ടിരിക്കുകയാണ്. സി ആന്റ് എ.ജി. റിപ്പോർട്ടിൽ റവന്യൂ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായതായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ സമ്പദ്ഘടന തകർന്നിരിക്കുകയാണ്. ആഡംബര ഹോട്ടലുകൾക്കും റിസോർട്ടുകൾക്കും നികുതി ഇളവ് ചെയ്തു കൊടുത്തതുമൂലവും വൻകിട കുത്തക കമ്പനികളെ സഹായിക്കുന്നതിനുവേണ്ടി അവരിൽനിന്ന് കോഴ വാങ്ങി വിൽപ്പന നികുതി എടുത്തുകളഞ്ഞതിന്റെ ഫലമായും നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ ഗണ്യമായ വർദ്ധനവുണ്ടാകുകയും ഖജനാവിന് കോടിക്കണക്കിന് രൂപയുടെ

നഷ്ടമുണ്ടാക്കുകയും ചെയ്തിരിക്കുകയാണ്. പ്രകൃതി വിഭവങ്ങളുൾപ്പെടെയുള്ളവ വിറ്റ് കൊടിയ അഴിമതിക്ക് അവസരമൊരുക്കുകയും സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് ഉത്തരവാദിയുമായ ധനകാര്യ വകുപ്പുമന്ത്രിക്കെതിരെ നിഷ്പക്ഷവും സ്വതന്ത്രവുമായ അന്വേഷണം നടത്തണം. ഭരണ ഘടനയെ വെല്ലുവിളിച്ചുകൊണ്ട് ബഡ്ജറ്റ് അവതരിപ്പിക്കാൻ തയ്യാറാകുന്ന ധനകാര്യവകുപ്പുമന്ത്രിയെ പിന്തിരിപ്പിക്കണം. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പ്രതിപക്ഷം ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങളിൽ യാതൊരു കഴമ്പുമില്ലെന്നതിന്റെ വ്യക്തമായ സൂചനയാണ് അടിയന്തര പ്രമേയാവതരണത്തിൽനിന്നും വ്യക്തമാകുന്നത്. ആരോപണമുന്നയിച്ചവരുടെ പേര് പറയാൻപോലും കഴിയാത്ത പ്രതിപക്ഷം വിലകുറഞ്ഞ ഇത്തരം ആക്ഷേപങ്ങൾ ഉന്നയിക്കുന്നതിലൂടെ സ്വന്തം വിശ്വാസ്യതയെയാണ് ചോദ്യം ചെയ്യുന്നത്. ഇവിടെ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾ വ്യക്തതയോടെ എഴുതിത്തരാൻ പ്രതിപക്ഷം തയ്യാറാകണം. ബാർ കോഴക്കേസിൽ പ്രതിപക്ഷം ആവശ്യപ്പെട്ട വിധത്തിലുള്ള അന്വേഷണ നടപടികൾ പുരോഗമിക്കുകയാണ്. ധനകാര്യവകുപ്പുമന്ത്രി കുറ്റക്കാരനല്ലെന്ന്

സർക്കാരിന് ഉത്തമബോദ്ധ്യമുള്ളതിനാൽ അദ്ദേഹം മന്ത്രിസ്ഥാനത്ത് തുടരുകയും ബഡ്ജറ്റ് അവതരിപ്പിക്കുകയും ചെയ്യും. അതിനായി പ്രതിപക്ഷത്തിന്റെ സഹകരണം അഭ്യർത്ഥിക്കുന്നു. ഈ പ്രശ്നം ഉന്നയിക്കുന്നതിനുവേണ്ടി മന്ത്രിസഭയിലെ മറ്റ് മൂന്നു മന്ത്രിമാരുടെ പേരുകൂടി ഉൾപ്പെടുത്തി കഴമ്പില്ലാത്ത ആരോപണം ഉന്നയിച്ചത് നിർഭാഗ്യകരമാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(ധനകാര്യവകുപ്പുമന്ത്രി മറുപടിപ്രസംഗത്തിനായി എഴുന്നേറ്റപ്പോൾ പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം എഴുന്നേറ്റ് നിന്ന് ബഹളംവച്ചുകൊണ്ടിരുന്നു. )

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): പ്രതിപക്ഷം ഉന്നയിച്ച ആരോപണങ്ങൾ ഞാൻ നിഷേധിക്കുകയാണ്. ബഡ്ജറ്റിൽ അനുവദിച്ച ഇളവുകളെ സംബന്ധിച്ച് പ്രതിപക്ഷം മുമ്പ് ആരോപണം ഉന്നയിച്ച അവസരത്തിൽ രേഖാമൂലം മറുപടി നൽകിയിരുന്നു. രാഷ്ട്രീയപ്രേരിതമായി വ്യാജപ്രസ്താവനകളും ആരോപണങ്ങളുമാണ് പ്രതിപക്ഷം ഉന്നയിക്കുന്നത്. മന്ത്രിസ്ഥാനം രാജി വയ്ക്കാൻ ഞാൻ സന്നദ്ധനല്ല. മുൻ എൽ.

ഡി. എഫ്. സർക്കാരിന്റെ കാലത്ത് മന്ത്രിമാരായിരുന്ന ശ്രീ. എ. കെ. ബാലൻ, ശ്രീ. പാലോളി മുഹമ്മദ് കുട്ടി എന്നിവർ ശിക്ഷിക്കപ്പെട്ടപ്പോൾ അവർ മന്ത്രിസ്ഥാനം രാജി വച്ചിരുന്നില്ല. പ്രതിപക്ഷം സ്വീകരിച്ചിരിക്കുന്ന ഇരട്ടത്താപ്പുനയത്തോട് യോജിക്കാനാവില്ല.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സംസ്ഥാനത്ത് ഏത് പദവിയിലിരിക്കുന്ന വ്യക്തിക്കെതിരെയും ആർക്കെങ്കിലും അഴിമതി സംബന്ധിച്ച പരാതി ഉന്നയിക്കണമെങ്കിൽ വ്യവസ്ഥാപിതമായ സംവിധാനം നിലവിലുണ്ട്. കോടതികൾ അത്തരം പരാതികളും ആരോപണങ്ങളും ഗൗരവമായി കാണുന്നുമുണ്ട്. അഴിമതിയാരോപണങ്ങൾ തികഞ്ഞ ഉത്തരവാദിത്വത്തോടുകൂടി വ്യവസ്ഥാപിതമായ രീതിയിൽ ഉന്നയിക്കുന്നതിനുപകരം വിലകുറഞ്ഞ രീതിയിലുള്ള ആരോപണങ്ങൾ ഉന്നയിക്കുന്ന ഏർപ്പാട് അടുത്തകാലത്തായി കണ്ടുവരികയാണ്. ഡിജിറ്റൽ ഡോക്യുമെന്റേഷൻ എളുപ്പത്തിൽ സാധ്യമാകുന്ന ഇക്കാലത്ത് ഏതെങ്കിലും തൽപ്പരകക്ഷികൾ മറ്റുള്ളവരെക്കുറിച്ച് സംസാരിച്ച് അതിന്റെ സി.ഡി. പ്രചരിപ്പിക്കുന്ന പ്രവണത അഭിലഷണീയമാണോയെന്ന് അഴിമതിക്കെതിരെ പോരാട്ടം നടത്തുന്നവരുൾപ്പെടെയുള്ളവർ ഗൗരവമായി ആലോചിക്കണം.

തികച്ചും കേട്ടുകേൾവിയുള്ള ചില പരാമർശങ്ങൾ ഒരു ദൃശ്യമാധ്യമത്തിലൂടെ പുറത്തുവന്നതിന് പ്രത്യേകം മറുപടി പറയാനാഗ്രഹിക്കുന്നില്ല; ഈ ആരോപണങ്ങൾ ഞാൻ നിഷേധിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): ഒരു സ്വകാര്യ ചാനലിൽ ഇന്നലെ സംപ്രേഷണം ചെയ്തതായി പറയുന്ന സി.ഡി-യിൽ എനിക്കെതിരായി ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ നിഷേധിക്കുകയാണ്. വിശ്വസനീയമാം വിധത്തിൽ പ്രതിപക്ഷം തെളിവ് കൊണ്ടുവരികയാണെങ്കിൽ ഏത് ശിക്ഷയും ഏറ്റുവാങ്ങാൻ തയ്യാറാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : മൂന്ന് വർഷംമുമ്പ് നെയ്യാറ്റിൻകരയിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ സംഭാവന നൽകിയെന്ന് പറഞ്ഞ് എനിക്കെതിരെ ഉന്നയിച്ചിരിക്കുന്ന ആരോപണം അടിസ്ഥാനരഹിതവും ദുരുദ്ദേശപരവുമാണ്. ഈ ആരോപണത്തെ ഞാൻ ശക്തമായി നിഷേധിക്കുന്നു. മന്ത്രിയെന്ന നിലയിലുള്ള നാല് വർഷക്കാലത്തെ എന്റെ പ്രവർത്തനത്തിൽ യാതൊരുവിധത്തിലുമുള്ള ആരോപണവും ഉന്നയിക്കാൻ സാധിക്കാതെ വന്നപ്പോൾ മനപ്പൂർവ്വം തേജോവധം ചെയ്യാൻ ശ്രമിക്കുന്ന നടപടിയാണിത്.

മദ്യമുതലാളിമാരുടെ സ്വകാര്യ സംഭാഷണമെന്ന രീതിയിലുള്ള സി.ഡി. പ്രചരിപ്പിച്ച് രാഷ്ട്രീയ പ്രവർത്തകരെ തേജോവധം ചെയ്യാനുള്ള നടപടി ശരിയാണോയെന്നത് ആരോപണം ഉന്നയിച്ചവർ ആലോചിക്കണം. വസ്തുതകളുടെ നിജസ്ഥിതി മനസ്സിലാക്കി മാത്രമേ ഇത്തരത്തിലുള്ള വാർത്തകൾ പ്രസിദ്ധീകരിക്കാവൂ എന്ന് വാർത്താമാധ്യമങ്ങളോട് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എ. കെ. ബാലൻ: ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസംഗത്തിൽ ഞാൻ മന്ത്രിയായിരുന്നപ്പോൾ ശിക്ഷിക്കപ്പെട്ടു എന്ന് പറയുകയുണ്ടായി. വൈദ്യുതിയും പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയായിരുന്ന സമയത്ത് ഒറ്റപ്പാലം സി.ജെ.എം. കോടതി, ട്രെയിൻ തടയൽ സമരവുമായി ബന്ധപ്പെട്ട് എന്നെ രണ്ടരവർഷം ശിക്ഷിക്കുകയുണ്ടായി. കോടതി ശിക്ഷിച്ച ദിവസം ഞാൻ സഭയിൽ ഹാജരായില്ല. തൊട്ടടുത്ത ദിവസം പാലക്കാട് സെഷൻസ് കോടതി എന്റെ പേരിലെടുത്ത ശിക്ഷാവിധി സസ്പെന്റ് ചെയ്ത ശേഷമാണ് ഞാൻ സഭയിൽ ഹാജരായത്. ശ്രീ. കെ.എം. മാണിക്കെതിരെ ഉന്നയിച്ചിരിക്കുന്നത് അഴിമതിയെ സംബന്ധിച്ചാണ്.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : കോഴ വാങ്ങുകയും

കോഴപ്പണം എണ്ണാൻ സ്വന്തമായി യന്ത്രം വീട്ടിൽ സൂക്ഷിച്ചിരിക്കുകയും ചെയ്ത ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ.എം. മാണിയെ ബഡ്ജറ്റ് അവതരിപ്പിക്കാൻ അനുവദിക്കില്ല. ബഡ്ജറ്റ് അവതരിപ്പിക്കാനായി ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ വന്നാലുണ്ടാകുന്ന പ്രത്യാഘാതങ്ങൾക്ക് ഉത്തരവാദികൾ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയുമായിരിക്കും. ബഡ്ജറ്റ് ദിനം കേരള ചരിത്രത്തിലെ പങ്കിലദിനം ആകാതിരിക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കണം. ശ്രീ. കെ.എം. മാണി ബഡ്ജറ്റ് അവതരിപ്പിക്കുന്നത് ഇന്ത്യയുടെതന്നെ പാർലമെന്ററി ചരിത്രത്തിൽ കളങ്കപൂരിതമായിരിക്കും. സത്യപ്രതിജ്ഞാ ലംഘനം നടത്തിയ മന്ത്രിയെ പുറത്താക്കണം. ശ്രീ. കെ.എം. മാണി ബഡ്ജറ്റ് അവതരിപ്പിക്കുന്നത് കേരളീയരുടെ ആത്മാഭിമാന ബോധത്തിന്മേലുള്ള ബലാൽക്കാരമായതിനാൽ ബഡ്ജറ്റ് അവതരിപ്പിക്കാൻ അനുവദിക്കില്ല. അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം സഭയിൽ കുത്തിയിരിക്കാൻ പോവുകയാണ്.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയുടെ നടുത്തളത്തിലിറങ്ങി മുദ്രാവാക്യങ്ങൾ മുഴക്കി സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ

ഉച്ചയ്ക്കുശേഷം 12.20-ന് അൽപ്പനേരത്തേയ്ക്ക് നിർത്തിവച്ച സഭ 1.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ പുനരാരംഭിച്ചു. സഭാനടപടികൾ തുടർന്നുകൊണ്ടു പോകുന്നതിനായി ചെയറിന്റെ അഭ്യർത്ഥന നിരസിച്ച് പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിരുന്ന് സഭാനടപടികൾ തടസ്സപ്പെടുത്തുംവിധം ബഹളം വയ്ക്കുകയും മുദ്രാവാക്യം വിളിക്കുകയും ചെയ്തുകൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ ശ്രദ്ധക്ഷണിക്കലും സബ്മിഷനും റദ്ദ് ചെയ്യുകയാണെന്നും സബ്മിഷനുള്ള മറുപടി ബഹുമാനപ്പെട്ട മന്ത്രിമാർ അംഗങ്ങൾക്ക് രേഖാമൂലം നൽകുന്നതാണെന്നും അറിയിക്കുകയും കാര്യവിവരപ്പട്ടികയിലെ അടുത്ത നടപടികളിലേയ്ക്ക് കടക്കുകയും ചെയ്തു.)

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ നാലാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(1) 'വനത്തിനുള്ളിലും സമീപ പ്രദേശങ്ങളിലും അധിവസിക്കുന്നവർ

അഭിമുഖീകരിക്കുന്ന വൈഷമ്യങ്ങൾ' എന്ന വിഷയം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ റിപ്പോർട്ട്

(2) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുപ്പതും മുപ്പത്തി ഒന്നും റിപ്പോർട്ടുകൾ

(3) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പത്താമത് റിപ്പോർട്ട്

## ധനകാര്യം

**2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും**

2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട മന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

(പ്രതിപക്ഷാംഗങ്ങൾ മുദ്യാവാക്യം വിളി തുടർന്നുകൊണ്ടിരുന്നതിനാൽ ഉപധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത് അംഗങ്ങൾ സംസാരിച്ചില്ല.)

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം.

<u>മാണി):</u> ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കാർഷികാദായ നികുതിയും വിൽപന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ

ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സാമൂഹ്യ സുരക്ഷിതത്വും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള

ഉപധനാഭ്യർത്ഥനയും ചർച്ച കൂടാതെ പാസ്സാക്കേണ്ട ഉപധനാഭ്യർത്ഥനകളും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 1.21-ന് പിരിഞ്ഞു.

****************